**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **07-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട്, നഗരകാര്യ പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നത് വിശദമാക്കാമോ ; | (എ) | ഇല്ല |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം സ്പാർക്ക് മുഖേനയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ എണ്ണം 6207 ആണ്. കണ്ടിജന്റ് വിഭാഗം ജീവനക്കാർ നിലവിൽ തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമല്ല. തദ്ദേശ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ നിയമനാധികാരി അതത് ഭരണ സമിതിയാണ്. ടി ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം സ്പാർക്ക് മുഖേന ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി നിർവഹിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവികൾ നൽകുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജോലി വിഭജിച്ചു നൽകി ഉത്തരവാദിത്തങ്ങൾ നിർവ്വഹിച്ചു വരുന്നു. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ